"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ഇടുക്കി ജില്ലയിലെ കട്ടപ്പന സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II കുമാരി കൃഷ്ണജ വി.എ.-യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.653/2025/AYUSH തീയതി, തിരുവനന്തപുരം, 19-12-2025

---

പരാമർശം:- (1) കുമാരി കൃഷ്ണജ വി.എ. 30/07/2024-ൽ സമർപ്പിച്ച അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 17/09/2025, 22/10/2025 എന്നീ തീയതികളിലെ DHTVM/1654/2025-EA5-നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഉപ്പുതറ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ 30/07/2024-ന് ഫാർമസിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച കുമാരി കൃഷ്ണജ വി.എ. തന്റെ ബി.എഡ്. പഠനം പൂർത്തിയാക്കുന്നതിലേയ്ക്കായി 31/07/2024 മുതൽ 30/06/2025 വരെ ശൂന്യവേതനാവധി അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ, ടിയാളുടെ കോഴ്സ് 23/04/2025-ൽ പൂർത്തിയായതിന്റെ വെളിച്ചത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ 24/04/2025-ൽ കട്ടപ്പന സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിച്ചുവെന്നും, ടി സാഹചര്യത്തിൽ കുമാരി കൃഷ്ണജയ്ക്ക് 31/07/2024 മുതൽ 23/04/2025 വരെ 268 ദിവസങ്ങളിലേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന് കാണിച്ച് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ മേൽ നടപടികൾക്കായി പരാമർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, ഇടുക്കി ജില്ലയിലെ കട്ടപ്പന സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II കുമാരി കൃഷ്ണജ വി.എ.-യ്ക്ക് കെ.എസ്.ആർ., ഭാഗം-I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി 31/07/2024 മുതൽ 23/04/2025 വരെ പഠനാവശ്യത്തിനായി

ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. കുമാരി കൃഷ്ണജ വി.എ., ഫാർമസിസ്റ്റ് ഗ്രേഡ്-II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, കട്ടപ്പന, ഇടുക്കി ജില്ല. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ഇടുക്കി.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (23/11/2025-ലെ E 3314207/HLT-B3/824/2025-FIN നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/142/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 20-12-2025 10:07:11

സെക്ഷൻ ഓഫീസർ.